LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി ഊരുകളിലെ പകർച്ച വ്യാധികൾ

169 [1770] *ശ്രീ. സി. കെ. നാണു:*

,, എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ:

ഡോ. എ. നിലലോഹിതദാസൻ നാടാർ:

ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി ഊരുകളിൽ അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധികൾ തടയാൻ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് പ്രൈമറി ഹെൽത്ത് സെൻററുകൾ മുഖേന സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരം പകർച്ചവ്യാധികൾ തടയുന്നതിനായി കേന്ദ്ര സർക്കാരിന്റേയും ലോകബാങ്കിന്റേയും സഹായത്തോടുകൂടി നടത്തുന്ന പരിപാടികളുടെ ഭാഗമായി എന്തെങ്കിലും സഹായം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇക്കാര്യത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് അന്തർദേശീയ ഏജൻസികളിൽനിന്നും എന്തു സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ തടയാൻ എല്ലാ പ്രദേശത്തും ചെയ്തു വരുന്ന താഴെ പറയുന്ന കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമായും കൃത്യതയോടേയും ആദിവാസി മേഖലകളിൽ ചെയ്തുവരുന്നു.

1. പഞ്ചായത്ത്-ബ്ലോക്കുകൾ, ജില്ലാ സംസ്ഥാന തലങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അടക്കമുള്ള വിവിധ വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റു സന്നദ്ധ പ്രവർത്തകരു മടങ്ങുന്ന ഇന്റർ സെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഓരോ ജില്ലയിലേയും പ്രദേശങ്ങളിലേയും പകർച്ച വ്യാധി തടയാനുള്ള നടപടികൾക്ക് മേൽനോട്ടം നൽകിവരുന്നു. ഇത്തരത്തിലുള്ള ഓരോ കമ്മിറ്റിയും ആദിവാസി മേഖലകളിലെ പ്രശ്നങ്ങളെ പ്രത്യേകമായി വിലയിരുത്തുന്നുണ്ട്.

2. ജലജന്യ രോഗങ്ങളായ കോളറ, വയറിളക്കരോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയവ തടയുന്നതിനുവേണ്ടി, കുടിവെള്ള ശ്രോതസ്സുകളെ ക്രമാനുഗതമായി ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേറ്റ് ചെയ്യുന്നുണ്ട്.

3. കുടിവേള്ള ശ്രോതസ്സുകളിലെ വെള്ളം പ്രത്യേകിച്ച് ജലജന്യ രോഗ സാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ നിന്ന് ശേഖരിച്ച് വെള്ളത്തിന്റെ ഗുണമേൻമ പരിശോധനകൾ പബ്ളിക് ഹെൽത്ത് / അനലറ്റിക്കൽ ലബോറട്ടറികളിൽ ചെയ്യുന്നുണ്ട്.

4. കൊതുകുവഴി വരുന്ന മലമ്പനി, ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയവ തടയുന്നതിനായി വിവിധങ്ങളായ കൊതുകുനിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വീടിന് പരിസരത്ത് വെള്ളം കെട്ടിക്കിടക്കുന്നത് തടയുക, കൊതുക്, കൂത്താടി നിയന്ത്രണത്തിന് സ്പ്രേയിംഗ് നടത്തുക തുടങ്ങിയ കാര്യങ്ങളും കൊതുകുകൾ കൂടുതൽ പെരുകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുള്ള എന്റോമോളജിക്കൽ സർവ്വേകളും, നടത്തിവരുന്നുണ്ട്.

5. വിവിധതരം പകർച്ചവ്യാധി രോഗങ്ങൾ തടയുന്നതിനാവശ്യമായ ആരോഗ്യ ബോധവൽക്കരണ പരിപാടികളും ആദിവാസി മേഖലകളിലും ഊരുകളിലും നടത്തിവരുന്നു.

6. ഊരുകളിൽ ഫീവർ സർവ്വേകളും അസുഖം ബാധിക്കുന്നവരെ താമസം കൂടാതെ ഡോക്ടർമാരെ കാണിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ പ്രവർത്തകർ സന്നദ്ധ പ്രവർത്തകരുമായിച്ചേർന്ന് ചെയ്തു വരുന്നുണ്ട്.

7. ആദിവാസി മേഖലകളിലെ മുഴുവൻ ആരോഗ്യ ബോധവൽക്കരണ പരിപാടികളിലും പകർച്ചവ്യാധി തടയാനുള്ള പ്രവർത്തനങ്ങളിലും ട്രൈബൽ പ്രൊമോട്ടർമാർ, കുടുംബശ്രീ വാളണ്ടിയർമാർ, അംഗൻവാടി പ്രവർത്തകർ. സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

8. ആദിവാസി ഊരുകളിൽ കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 13 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഓരോ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സ്/പബ്ളിക് ഹെൽത്ത് നേഴ്സുമാർ തുടങ്ങിയ പാരാമെഡിക്കൽ ജീവനക്കാരുടേയും രോഗപരിശോധന ക്യാമ്പുകൾ നടത്തി സൗജന്യമായി മരുന്നു വിതരണം ചെയ്യുന്നുണ്ട്. ശരാശരി ഓരോ യൂണിറ്റും ഓരോ മാസവും ഇരുപതോളം ക്യാമ്പുകൾ ആദിവാസി ഊരുകളിൽ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, വിവിധ ജില്ലകളിൽ ആദിവാസി ഊരുകളിൽ ആവശ്യാനുസരണം മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

10. ആദിവാസി മേഖലകളിലെ സബ്സെന്ററുകളിൽ കുടിവെള്ളം ക്ലോറിനേറ്റ് ചെയ്യാനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ, വയറിളക്ക പാനീയ ചികിത്സക്കാവശ്യമായ ഒ. ആർ. എസ്. പായ്ക്കറ്റുകൾ എന്നിവയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും മറ്റ് ആശുപത്രികളിലും രോഗപ്രതിരോധത്തിനും രോഗചികിത്സയ്ക്കും ആവശ്യമായ മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്.

11. വിവിധ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ച വ്യാധി രോഗങ്ങൾ ഓരോ ദിവസം ജില്ലാ തലത്തിൽ ഡി. എം. ഒ. ഓഫീസ് വഴിയും സംസ്ഥാനതലത്തിൽ ഡി. എച്ച്. എസ്. ഓഫീസ് വഴിയും മോണിറ്റർ ചെയ്തു വരുന്നുണ്ട്.

(ബി) പകർച്ച വ്യാധികൾ തടയുന്നതിനുള്ള എല്ലാ നടപടികളും പ്രൈമറി ഹെൽത്ത് സെന്ററുകൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

(സി) 9 കോടി 59 ലക്ഷം രൂപയുടെ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോജക്ടിനു കേന്ദ്ര സർക്കാർ കേരള സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം ഒരു കോടി അൻപത്താറു ലക്ഷത്തി എഴുപത്തേഴായിരത്തി ഇരുന്നൂറ്റി അൻപതു രൂപ ലഭിച്ചിട്ടുണ്ട്.

ഭ്രൂണഹത്യകൾ

170 [1771] *ശ്രീ. കെ. സി. ജോസഫ്:*

,, *ലൂഡി ലൂയിസ്:*

,, *വി. ജെ. പൗലോസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005-ൽ സംസ്ഥാനത്ത് നടന്നിട്ടുള്ള പ്രസവങ്ങൾ എത്ര; അതിൽ ജനിച്ച പെൺകുട്ടികളെത്ര;

(ബി) ഇപ്പോൾ സംസ്ഥാനത്ത് ജനിക്കുന്ന പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്.

LIBRARY ARCHIVES Kerala Legislative Assembly